റബ്ബർ പ്ലാന്റേഷന ഭൂമി വിതരണം.

* 912 [9] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തരവിദ്യരായ തൊഴിൽരഹിതർക്കും ഭൂരഹിതർക്കും റബ്ബർ പ്ലാന്റേഷന് ഭൂമി വിതരണം ചെയ്യുന്ന ഗവണ്മെന്റിന്റെ പദ്ധതി തുടർന്നു കൊണ്ടുപോകുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ് ?

(സി) ഇതുവരെ ഈ പദ്ധതി അനുസരിച്ച് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) റബ്ബർ കൃഷിക്ക് പറ്റിയ സ്ഥലത്തിന്റെ ദൗർലഭ്യമാണ് ഈ സ്കീം തൽക്കാലത്തേക്ക് നിറുത്തിവയ്ക്കാൻ കാരണം.

(സി) 6475 ഏക്കർ.

UNSTARRED QUESTIONS AND ANSWERS

ഏലത്തൂർ–കല്ലായി കനാൽ

114. [1] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലത്തൂർ–കല്ലായി കനാൽ എത്രയും ആഴംകൂട്ടി കൂടുതൽ ഗതാഗതസൗകര്യമാക്കാനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ടോ ;

(ബി) അതു് എന്നത്തേക്കു നടപ്പിൽ വരുത്തുവാൻ സാധിക്കും ?

ഉത്തരം.

(എ) ഇതിനുള്ള പദ്ധതി തയാറാക്കിക്കഴിഞ്ഞു.

(ബി) മൂന്നു ഭാഗങ്ങളായിട്ട് ജോലിനടത്തുവാനുദ്ദേശിച്ച സ്കീം തയ്യാറാക്കിയതിൽ രണ്ടു ഭാഗത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. ശേഷിച്ച ഭാഗത്തിന്റെ പണിക്കായിട്ടുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. ഉദ്ദേശം ഒന്നരക്കൊല്ലത്തിനകം ഈ പണികളും പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

പൊന്നാനി താലൂക്ക് ആശുപത്രി

115. [2] ശ്രീ. കെ. ജി. കരുണാകരമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി താലൂക്കാശുപത്രിയിൽ ഇപ്പോഴുള്ള സ്ത്രീകളുടെ വാർഡു റോഡരുകിലായതുകൊണ്ട് സ്ത്രീരോഗികൾക്ക് അസൗകര്യമുണ്ടെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ?

(ബി) അവിടെയുള്ള മതിൽ കുറേക്കൂടി ഉയർത്തിക്കെട്ടി റോഡിൽ നിന്നുള്ള ശല്യം ഇല്ലാതാക്കാൻ ദയവുണ്ടാകുമോ ;

(സി) ആശുപത്രിയുടെ പരിസരം ഒരു Non horn area ആയി പ്രഖ്യാപിക്കാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly